بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 27.05.2022

## സയ്യിദുനാ ഹദ്‌റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## ഖിലാഫത്ത് ഒരു ദൈവീക വാഗ്ദാനം

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ اَلرَّحۡمٰنِ الرَّحِيۡمِ ۝ مٰلِكِ يَوۡمِ الدِّيۡنِ ۝ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

മെയ് 27 എന്ന (ഇന്നത്തെ) ദിവസം അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് ദിനം എന്നാണ് അറിയപ്പെടുന്നത്. നമ്മൾ എല്ലാ വർഷവും ഖിലാഫത്ത് ദിനയോഗങ്ങൾ നടത്താറുള്ളത് എന്തിനുവേണ്ടിയാണ് എന്ന ചോദ്യത്തിനുള്ള ഉത്തരം എല്ലായ്പ്പോഴും നമ്മുടെ മുന്നിൽ ഉണ്ടായിരിക്കുകയും അത് മനസ്സിലാക്കാനും ചിന്തിക്കാനും നമ്മുടെ കുട്ടികളോട് ആവശ്യപ്പെടുകയും വേണം. ഈ ദിവസത്തിന്റെ ആരംഭം 1908 മെയ് 27 ന് ആയിരുന്നു. അന്ന് അല്ലാഹു തന്റെ വാഗ്ദാനങ്ങൾക്കനുസൃതമായി നമുക്കുമേൽ അനുഗ്രഹം ചൊരിഞ്ഞുകൊണ്ട് അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി ആരംഭിച്ചു.

തിരുനബി(സ) നിങ്ങൾക്ക് അവസാന കാലത്ത് നുബുവ്വത്തിന്റെ മാർഗത്തിൽ ഖിലാഫത്ത് ഉണ്ടാകും എന്നു പറഞ്ഞശേഷം നിശബ്ത പാലിച്ചതിൽനിന്നും വ്യക്തമാകുന്നത് എന്തെന്നാൽ ഇത് നീണ്ടകാലം നിലനിൽക്കുന്ന സംവിധാനമെന്നാണ്. ചിലയാളുകൾ ചില കാര്യങ്ങൾ മനസ്സിലാക്കാത്തതുകൊണ്ട് പറയുന്നു: ഈ നിശബ്ദ്ദ പാലിച്ചതിന്റെ വിവക്ഷ, ഈ സംവിധാനം പെട്ടെന്ന് അവസാനിക്കുമെന്ന്. ഇവരെല്ലാവരും അബദ്ധത്തിലാകുന്നു. ഹദ്‌റത് മസീഹ് മൗഊദ്(അ) സ്വയം തന്നെ ഇത് വിശദീകരിച്ച് തന്നിട്ടുണ്ട്; ഈ സംവിധാനം നിലനിൽക്കാനുള്ള സംവിധാനമാകുന്നു.

ഹദ്‌റത് മസീഹ് മൗഊദ്(അ) പറയുന്നു: രണ്ടാം ദിവ്യശക്തിപ്രഭാവം കാണേണ്ടത് നിങ്ങൾക്ക് അനിവാര്യമാകുന്നു. അത് വരുന്നത് നിങ്ങൾക്ക് ഗുണപ്രദമാണ്. കാരണം അത് ശാശ്വതമാകുന്നു. അതിന്റെ ശൃംഖല അന്ത്യനാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം ആ രണ്ടാം ദിവ്യശക്തി വരുക സാധ്യമല്ല. എന്നാൽ ഞാൻ പോയിക്കഴിഞ്ഞാൽ പിന്നെ അല്ലാഹു ആ ദ്വിതീയ ശക്തിയെ നിങ്ങൾക്കുവേണ്ടി അയക്കുന്നതാണ്. അതെപ്പോഴും നിങ്ങളോടൊപ്പമുണ്ടായിരിക്കും.

ആകയാൽ അഹ്മദിയ്യാ ഖിലാഫത്തുമായി എപ്പോഴും തങ്ങളെ ബന്ധപ്പെടുത്തുന്നവരും അതിനെ കുറിച്ച് തങ്ങളുടെ തലമുറകൾക്ക് ഉപദേശം നൽകുന്നവരും സൗഭാഗ്യവാന്മാരാകുന്നു. അഹ്മദിയ്യാ ഖിലാഫത്തിനെ ഏതെങ്കിലും കാലത്തേക്ക് നിജപ്പെടുത്തുന്നവരും അല്ലെങ്കിൽ അത്തരം ചിന്തയുള്ളവരും ദൗർഭാഗ്യവാന്മാരാകുന്നു. അത്തരം ആളുകൾ എപ്പോഴും പരാജിതരും പരിക്ഷീണിതരുമാകും.

ചുരുക്കത്തിൽ ഇസ്‌ലാമിന്റെ പുനരുജ്ജീവനവും പുരോഗതിയുമായി ബന്ധപ്പെട്ട് ഹദ്‌റത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്ത വാഗ്ദാനങ്ങൾ എല്ലാം നിശ്ചയമായും പൂർത്തിയാകുന്നതാണ്. ഇസ്‌ലാമിന്റെ മേൽക്കോയ്മയുടെ ദിവസം ഇൻശാഹ് അല്ലാഹ് ജമാഅത്ത് കാണുന്നതാണ്. ഖിലാഫത്തുമായി ചേർന്നിരിക്കുന്നവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളായി മാറുന്നതാണ്. ഹദ്‌റത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ചെയ്തിട്ടുള്ള വാഗ്ദാനങ്ങളെ അദ്ദേഹത്തിനു പൂർത്തീകരിക്കേണ്ടതുണ്ട്; ഇത് അദ്ദേഹത്തിനുശേഷം തുടർന്നു വരുന്ന ഖിലാഫത്ത് സംവിധാനം മുഖേനയാണ് പൂർത്തിയാകേണ്ടത്. അല്ലാഹു ജമാഅത്തിന് പുരോഗതി നല്കിക്കൊണ്ടിരിക്കുന്നു. ജനങ്ങൾക്ക് അവൻ സ്വയം തന്നെ മാർഗദർശനം നൽകുന്നു. ഖിലാഫത്തുമായി അവരെ ബന്ധിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് മനുഷ്യരുടെ കഴിവിൽപെട്ട സംഗതിയല്ല. ജമാഅത്തിലെ അംഗങ്ങളും കാലത്തിന്റെ ഖലീഫയും വളരെ ശക്തവും അതുല്യവുമായ ബന്ധത്തിലാകുന്നു. ഇതും മനുഷ്യന്റെ കഴിവിൽ പെട്ടതല്ല.

ഹദ്‌റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന് ജനങ്ങൾ ബൈഅത്ത് ചെയ്തത് അല്ലാഹുവിന്റെ പിന്തുണകൊണ്ട് അല്ലായിരുന്നെങ്കിൽ മറ്റെന്താണ്.? എല്ലാ ജമാഅത്തിലും ഉള്ളതുപോലെ ഏതാനും മുനാഫിഖ് പ്രകൃതക്കാർ ഒഴികെ, ഖിലാഫത്തിനോട് ആത്മാർത്ഥതയും ത്യാഗസന്നദ്ധതയും ഉള്ള ആളുകൾ (ജമാഅത്തിൽ) വർധിച്ച് വരുന്നു. രണ്ടാം ഖിലാഫത്ത് തി രഞ്ഞെടുപ്പ് സമയത്ത് ഇതേ എതിരാളികൾ ബഹളം വെക്കുകയുണ്ടായി. എന്നാൽ ഇത്തരം ആളുകൾ പ്രലോഭിക്കുകയും ബഹളം ഉണ്ടാക്കുകയും ഫിത്ന ഉണ്ടാകുകയും ചെയ്തിട്ടുപോലും ജമാഅത്ത് എത്ര ത്വരിതഗതിയിലാണ് പുരോഗതി പ്രാപിക്കുന്നത്

എന്നും ലോകം കണ്ടു. ലോകത്ത് (ഒരുപാട്) മിഷൻ ഹൗസുകൾ തുറന്നു, മസ്ജിദുകൾ ഉണ്ടാക്കി, സാഹിത്യങ്ങൾ പ്രസിദ്ധീകരിച്ചു. ഹദ്റത് മസീഹ് മൗഊദ്[അ] വന്നതിന്റെ കാര്യങ്ങൾ മുന്നോട്ട് പോകുകയും ചെയ്തു. പിന്നെ മൂന്നാം ഖിലാഫത്തിൽ ഭരണകൂടങ്ങൾ ശക്തമായ അക്രമങ്ങൾ നടത്തിയിട്ടും അല്ലാഹു ജമാഅത്തിന് പുരോഗതി നൽകി അനുഗ്രഹിച്ചു. ജമാഅത്തിന്റെ കയ്യിൽ ഭിക്ഷാപാത്രം പിടിപ്പിക്കുമെന്ന് പറഞ്ഞവർ വളരെ മോശമായ സാഹചര്യത്തിൽ ലോകത്തുനിന്ന് വിടപറഞ്ഞു. പിന്നെ നാലാം ഖിലാഫത്തിൽ അഭിവൃദ്ധികളുടെ മറ്റൊരു അധ്യായം ആരംഭിച്ചു. അല്ലാഹുവിന്റെ പിന്തുണയുടെയും സഹായ ത്തിന്റെയും പുതിയ കാഴ്ചകൾ കാണാനായി. ഇസ്ലാമിക പ്രചാരത്തിനുള്ള പുതിയ പുതിയ മാർഗങ്ങൾ തുറന്നു. കാലത്തിന്റെ ഖലീഫയുടെ കൈ മുറിക്കണം എന്ന് ചിന്തിച്ചവരുടെ സ്വന്തം കൈകൾ മുറിക്കപ്പെട്ടു. അന്തരീക്ഷത്തിൽ അവരുടെ ശരീരം ചിതറപ്പെട്ടു. എന്നാൽ ജമാഅത്തിന്റെ പുരോഗതിയുടെ ചുവടുകൾ നിശ്ചലമായില്ല. തബ്ലീഗ് രംഗത്ത് വിശാലതയുണ്ടായി. m.t.a ആരംഭിച്ചു. അത് മുഖേന ഓരോ വീട്ടിലും ജമാഅത്തിന്റെ സന്ദേശം എത്താൻ തുടങ്ങി. അഥവാ ഇത് (ഹദ്റത് മസീഹ് മൗഊദ്[അ]നോടുള്ള) അല്ലാഹുവിന്റെ വാഗ്ദാനങ്ങളുടെ പൂർത്തീകരണങ്ങൾ അല്ലായിരുന്നെങ്കിൽ പിന്നെന്തായിരുന്നു? പിന്നെ അഞ്ചാം ഖിലാഫത്തിലും അല്ലാഹു തന്റെ പിന്തുണയുടെയും സഹായത്തിന്റെയും കാഴ്ചകൾ കാണിച്ചു തന്നു. ഒന്നിന് പകരം m.t.a. യുടെ ഏഴ് എട്ട് ചാനലുകൾ വിവിധ ഭാഷകളിൽ ആരംഭിച്ചു. ലോകത്ത് വിവിധ ഭാഷകളിൽ വിവിധ പ്രോഗ്രാമുകളുടെ തർജുമകൾ തുടങ്ങി. നേരത്തെ m.t.a. എത്താതിരുന്ന ലോകത്തിന്റെ ഓരോ കോണിലേക്കും m.t.a. എത്തിത്തുടങ്ങി. അവിടെയുള്ളവർ സ്വന്തം ഭാഷകളിൽ ആ രാജ്യങ്ങളിലും പ്രദേശങ്ങളിലും വസിക്കുന്നവർക്ക് അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിന്റെ സന്ദേശം എത്തിക്കാൻ തുടങ്ങി. അതുമുഖേന ലക്ഷക്കണക്കിന് ശുദ്ധപ്രകൃതരായ ആളുകൾക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് ലഭിച്ചു. m.t.a.യും റേഡിയോ പ്രോഗ്രാമുകളും കൂടാതെ അല്ലാഹു സ്വയം തന്നെ ജനങ്ങൾക്ക് മാർഗദർശനം നൽകി. ജനങ്ങൾക്ക് സ്വപ്നങ്ങൾ മുഖേനയും സാഹിത്യങ്ങൾ മുഖേനയും അഹ്മദിയ്യത്തിന്റെ സന്ദേശം സ്വീകരിക്കാൻ തൗഫീഖ് നൽകി.

അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം നോക്കുകയാണെങ്കിൽ അല്ലാഹു സ്വയം എങ്ങനെയാണ് ഹദ്റത് മസീഹ് മൗഊദ്[അ]ന്റെ കാലഘട്ടത്തിലും അദ്ദേഹത്തെ അംഗീകരിക്കാൻ മാർഗദർശനം നൽകിയത് എന്ന് കാണാം. തുടർന്ന് ഇതേ ശൃംഖല ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ[റ]ന്റെ കാലഘട്ടത്തിലും തുടരുകയും അല്ലാഹു ജനങ്ങൾക്ക് മാർഗദർശനം നൽകുകയും ചെയ്തു. തുടർന്ന് രണ്ടാം ഖിലാഫത്തിലും ഇത്തരത്തിലുള്ള ഒരുപാട് സംഭവങ്ങൾ ഉണ്ട്. അല്ലാഹു എങ്ങനെയാണ് പൂർവികർക്ക് സത്യം സ്വീകരിക്കാൻ തൗഫീഖ് നൽകിയത് എന്നുള്ള സംഭവങ്ങൾ പഴയകാല കുടുംബങ്ങളിൽ നിവേദനങ്ങളായി തുടർന്ന് വരുന്നു. പിന്നെ മൂന്നാം ഖിലാഫത്തിലും ഈ ശൃംഖല കാണാൻ കഴിയുന്നു. നാലാം ഖിലാഫത്തിലും ശുദ്ധപ്രകൃതമുള്ളവർക്ക് അല്ലാഹു അഹ്മദിയത്ത് സ്വീകരിക്കാൻ മാർഗദർശനം നൽകി. ഇതെല്ലാം അല്ലാഹു മസീഹ് മൗഊദ്[അ]നോട് ചെയ്ത വാഗ്ദാനങ്ങളുടെ പരിണിതി ആയിരുന്നു. ഇപ്രകാരം എല്ലാ ഖിലാഫത്ത് കാലത്തും ജമാഅത്ത് പുരോഗമിച്ചുകൊണ്ടിരുന്നു. അഞ്ചാം ഖിലാഫത്തിലും അല്ലാഹുവിന്റെ ഇതേ പ്രവർത്തനം തന്നെയാണുള്ളത്. അല്ലാഹു തബ്ലീഗിനുള്ള പുതിയ പുതിയ മാർഗങ്ങൾ തുറന്നു കൊണ്ടേയിരിക്കുന്നു. ഹദ്റത് മസീഹ് മൗഊദ്[അ]ന്റെ സന്ദേശമായ യഥാർഥ ഇസ്ലാമിന്റെ സന്ദേശം കേൾക്കാനും സ്വീകരിക്കാനും ജനഹൃദയങ്ങൾ ചാഞ്ഞു കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ സ്വച്ഛമായ പിന്തുണയെ മനസ്സിലാക്കി തരുന്ന സംഭവങ്ങളാണ് ഉണ്ടാകുന്നത്. അതുകൂടാതെ മനുഷ്യ പ്രവർത്തനങ്ങൾ കൊണ്ട് മാത്രം ഒരിക്കലും ജനങ്ങൾ ഇങ്ങനെ സ്വീകരിക്കുമായിരുന്നില്ല.

സ്വപ്നങ്ങൾ മുഖേന ലോകത്തിന്റെ (വിവിധ) ഭാഗത്തുനിന്നും അഹ്മദിയ്യത്ത് സ്വീകരിക്കുന്നതിന്റെ വിശ്വാസ വർധക സംഭവങ്ങൾ ഹുസൂർ തിരുമനസ്സ് കേൾപ്പിച്ചതിനുശേഷം പറഞ്ഞു: ചുരുക്കത്തിൽ ഈ ആത്മാർഥതയും കൂറുമുള്ള ബന്ധം അല്ലാഹു ജനഹൃദയങ്ങളിൽ ഉണ്ടാക്കികൊണ്ടിരിക്കുന്നു. ഇൻശാഹ് അല്ലാഹ് ഖിയാമത്തുവരെ അല്ലാഹു ഈ കൂറിലും ആത്മാർഥതയിലും മുന്നെറുന്നവരെ ഹദ്റത് മസീഹ് മൗഊദ്[അ]ന്റെ ജമാഅത്തിനും അഹ്മദിയ്യാ ഖിലാഫത്തിനും നൽകികൊണ്ടിരിക്കുന്നതാണ്. ഭൗതീകർക്ക് ഇതിനെ മനസ്സിലാക്കാൻ സാധിക്കുന്നതല്ല.

ജർമനിയിൽ ഒരു അറബി ബൈഅത്ത് ചെയ്തപ്പോൾ അദ്ദേഹത്തിന്റെ പരിചയക്കാരൻ ചോദിച്ചു: നിങ്ങൾ ഖാദിയാനി ആയിരിക്കുകയാണോ? ആ നവ അഹ്മദി പറഞ്ഞു: നിങ്ങൾ ഇവിടെ നൂറ് അറബികളുണ്ട്. നിങ്ങൾക്കൊരു കാര്യത്തിലും ഒരുമിക്കാൻ സാധിക്കുന്നില്ല. അഹ്മദിയ്യാ ജമാഅത്തിന് ഒരു ഇമാം ഉണ്ട്. അദ്ദേഹം പറയുന്നതനുസരിച്ച് ജമാഅത്ത് എഴുന്നേൽക്കുകയും ഇരിക്കുകയും ചെയ്യുന്നു. അത് കൊണ്ട് അവരുടെ കർമങ്ങളിൽ അനുഗ്രഹം ഉണ്ട്. ഇനി നിങ്ങൾ തന്നെ പറയുക. ഞാൻ അവരെ ഒഴിവാക്കി നിങ്ങളുടെ കൂടെ കൂടാൻ നിങ്ങൾക്ക് എന്ത് മേന്മയാണുള്ളത്.?

ചുരുക്കത്തിൽ ഓരോ അഹ്മദിയും ഖിലാഫത്തുമായി ഒട്ടിച്ചേർന്നു നിന്നാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകുന്നതാണ്.

അതിന് നമ്മുടെ കർമ്മങ്ങളെയും അല്ലാഹുവിന്റെ അധ്യാപനമനുസരിച്ച് മാറ്റേണ്ടി വരും. അപ്പോൾ മാത്രമേ ഈ അനുഗ്രഹം പ്രയോജന പ്രദമാകുകയുള്ളു. വിശ്വസിക്കുന്നതോടൊപ്പം തങ്ങളുടെ കർമ്മങ്ങളും അല്ലാഹു പറഞ്ഞതനുസരിച്ച് ആക്കുന്നവരാണ് ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ നിന്ന് പ്രയോജനമെടുക്കുക എന്നതാണ് അല്ലാഹുവിന്റെ വാഗ്ദാനം. അതായത് നമ്മൾ അല്ലാഹുവിനെ പൂർണമായും വിശ്വസിച്ചുകൊണ്ട് അവന്റെ ഇബാദത്തുകൾ യഥാവിധി നിർവഹിക്കുകയും നമ്മുടെ ഓരോ കർമ്മവും അവന്റെ അഭീഷ്ടം അന്വേഷിക്കുന്നതും ആണെങ്കിൽ നമുക്ക് ഈ അനുഗ്രഹം കിട്ടുന്നതാണ്.

(ഒരു വീട്ടിൽ ഒരാളെങ്കിലും സത്കർമ്മകാരിയായിട്ടുണ്ടെങ്കിൽ ആ വീട് മുഴുവൻ രക്ഷപ്പെടുന്നതാണ്. സത്കർമ്മം ഇല്ലാത്തിടത്തോളം കേവലം അംഗീകരിച്ചത് കൊണ്ട് പ്രയോജനമൊന്നും ഇല്ല. ആയതിനാൽ നാം എപ്പോഴും നമ്മെ കുറിച്ച് കണക്കെടുപ്പ് നടത്തേണ്ടതാണ്. ഒരു സമയത്തും ശൈത്താൻ നമ്മെ ആക്രമിക്കാൻ ഇടയാകരുത്. നമ്മുടെ പൂർവ്വ പിതാക്കൾക്ക് അല്ലെങ്കിൽ നമുക്ക് ഹദ്റത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാൻ തൗഫീഖ് നൽകിയത് അല്ലാഹുവിന്റെ ഔദാര്യമാകുന്നു. ഇതിനെ നിലനിർത്തുന്നതിനു വേണ്ടി നാം തുടർച്ചയായി നമ്മുടെ വിശ്വാസത്തെ വർധിപ്പിക്കേണ്ടത് അനിവാര്യമാകുന്നു. നാം എത്രമാത്രം ഖിലാഫത്തുമായി നമ്മെ ബന്ധിപ്പിക്കുന്നുണ്ട് എന്ന് വിലയിരുത്തേണ്ടതാണ്.)

ഓരോ അഹ്മദിക്കും ഖിലാഫത്തുമായി ആത്മാർഥതയും കൂറുമുള്ള ബന്ധം ഉണ്ടാകേണ്ടതാണ്. അവർ തന്നെയാണ് ബൈഅത്തിന്റെ കടമകൾ നിർവഹിക്കുന്നവരും ഈ നിലവാരം കരസ്ഥമാക്കുന്നവരും. അങ്ങനെയാണെങ്കിൽ മാത്രമേ നാം ഇന്ന് യഥാവിധി ഖിലാഫത്ത് ദിനം ആചരിക്കുന്നവരായി തീരുകയുള്ളൂ. അല്ലാഹു നമുക്ക് എല്ലാവർക്കും ഖിലാഫത്തിനോട് ചെയ്ത ബൈഅത്തിന്റെ കടമകൾ പൂർത്തിയാക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കാനും തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤمِنُ بِہٖ وَ نَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 27.05.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**